


വര : വി.എസ്. ഗിരീശൻ

**കൊടുങ്ങല്ലൂരിൽ സമാധാനം വീണ്ടെടുക്കുന്നതിനായി അഞ്ഞൂറിലേറെ അമ്മമാർ ഒത്തുകൂടിയപ്പോൾ...**

# കൊടുങ്ങല്ലൂർ അക്രമത്തിനെതിരെ അമ്മമാരുടെ കൂട്ടായ്മ

കൊടുങ്ങല്ലൂരിൽ നാളുകളായി തുടർന്നു വരുന്ന സംഭവങ്ങൾ അവസാനിപ്പിക്കണമെന്നും സമാധാനം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് അമ്മമാരുടെ കൂട്ടായ്മ ആഗസ്റ്റ് 15-ന് കൊടുങ്ങല്ലൂർ ടൗണിൽ വച്ച് നടന്നു. 600ൽ അധികമാളുകൾ പങ്കെടുത്ത യോഗത്തിൽ 550ൽ അധികവും സ്ത്രീകളായിരുന്നുവെന്നത് സമാധാന ശ്രമങ്ങൾക്ക് കൂടുതൽ കരുത്താ നൽകുന്നു. രാഷ്ട്രീയ ജാതിമതഭേദമന്യേ ഉദ്യോഗസ്ഥരും സർവ്വീസിൽനിന്നും വിരമിച്ചവരും വീട്ടമ്മമാരുമെല്ലാമൊത്തു ചേർന്ന കൂട്ടായ്മ കൊടുങ്ങല്ലൂരിൽ സമാധാനം വീണ്ടെടുക്കേണ്ടതിന്റെയും നരഹത്യ തടയേണ്ടതിന്റെയും വ്യാപ്തി വ്യക്തമാക്കുന്നു. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ മനുഷ്യബന്ധങ്ങളിലെ ഊഷ്മളതയും സഹവർത്തിത്തവും ചോർന്നു പോകുന്നതിന് കാരണമാകരുതെന്ന് ഓർമ്മപ്പെടുത്തിയ കൂട്ടായ്മ രാഷ്ട്രീയ അക്രമങ്ങളെ തുടർന്ന് കൊടുങ്ങല്ലൂരിൽ പൊതുജനത്തിന് നേരിടേണ്ടിവന്ന നിരവധി വിഷമതകൾ പങ്കുവച്ചു. അമ്മമാരുടെ കരച്ചിൽ കേട്ട് മതിയായെന്ന് സ്ത്രീകളെല്ലാം ഒറ്റക്കെട്ടായി പറഞ്ഞു. ഇടയ്ക്കിടെയുണ്ടാകുന്ന ഹർത്താലുകളും പൊതുസ്ഥലങ്ങളിൽ നടക്കുന്ന അക്രമങ്ങളും ബസുകൾ മുടങ്ങുന്നതും കടകൾ തകർക്കുന്നതും പെൺകുട്ടികൾ പഠിക്കുന്ന സ്കൂളിൽ നിന്നും അവർക്ക് ഭയത്തോടെ ഓടേണ്ടി വരുന്ന അവസ്ഥയുമെല്ലാം സൃഷ്ടിക്കുന്ന സാമൂഹിക ഭീകരതയുടെ ചിത്രം യോഗത്തിൽ പങ്കെടുത്ത് അനുഭവങ്ങൾ വേദനയോടെ വരച്ചിട്ടു.

അക്രമസംഭവങ്ങൾ കൈവിട്ട് പോകാൻ തുടങ്ങിയതോടെ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗങ്ങൾ കൊടുങ്ങല്ലൂരിൽ നടന്നു. എന്നാൽ ഈ സർവ്വകക്ഷിയോഗങ്ങൾ ക്കൊന്നും പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല. കൊടുങ്ങല്ലൂരിന്റെ തെരുവുകളിൽ വീണ്ടും ചോര ചിന്തി. ഈ സാഹചര്യത്തിൽ സ്ത്രീകളുടെ കൂട്ടായ്മ വീടുകളിൽ ചെന്ന് അക്രമസംഭവങ്ങളിൽ മരണപ്പെട്ട ചെറുപ്പക്കാരുടെ അമ്മമാരെ കണ്ടു. എന്റെ കുട്ടിയെ തിരിച്ച് തരാൻ കഴിയുമോ എന്ന് അവര് ചോദിച്ചു. അതിനെ തുടർന്നാണ് ഇത്തരത്തിൽ വലിയ ഒരു കൺവെൻഷൻ നടത്തണമെന്ന തീരുമാനത്തിലേക് അമ്മമാരുടെ കൂട്ടായ്മ എത്തിയത്. കുടുംബത്തിനുള്ളിൽ സമാധാനം പുലർന്നാൽ അത് സമൂഹത്തിലേക്കെത്തുമെന്ന് ഈ കൂട്ടായ്മ വിശ്വസിക്കുന്നു. അത്തരം ശ്രമങ്ങൾക്ക് പ്രധാന്യം നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് അവർ ശ്രമിക്കുന്നത്. ഭവന സന്ദർശനം നടത്തി എല്ലാം കുടുംബങ്ങളെയും സമാധാനപരമായ കുടുംബാന്തരീക്ഷത്തിന്റെ പ്രാധാന്യവും കുട്ടികൾക്ക് അതിന്റെ പ്രാധാന്യം മനസിലാക്കി കൊടുക്കേണ്ടതിനെക്കുറിച്ചും ധരിപ്പിക്കാൻ ഈ കൂട്ടായ്മ ശ്രമങ്ങളാരംഭിച്ചു. കൊടുങ്ങല്ലൂരിലെ പ്രവർത്തകർ ഇവർക്ക് പിന്തുണയുമായി രംഗത്തെത്തിയിട്ടുണ്ട്. മണ്ഡലം പ്രതിനിധി കെ.പി. രാജേന്ദ്രൻ പിന്തുണ നൽകാമെന്നേറ്റിട്ടുണ്ട്.

"വലിയൊരു വിഷമത്തിൽനിന്നുണ്ടായ കൂട്ടായ്മയാണ് ഇത്. ഭക്ഷ്യരഹിത ജാതിമത വിഭാഗീയതയില്ലാതെ കുറച്ചു വീട്ടമ്മമാരാണ് ആദ്യം ഒത്തുകൂടിയത്. പലരും പൊതുരംഗത്ത് തുടക്കക്കാരായിരുന്നു. അറിയിപ്പ് എല്ലാ രാഷ്ട്രീയ പാർട്ടികളിലും സാമുദായിക സംഘടനകളിലും എത്തിച്ചിരുന്നു. 'നിങ്ങളുടെ കൂടെ ഞങ്ങളുണ്ട്' എന്ന ചിന്തയായിരുന്നു മരിച്ചവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കാനും ഇനിയൊരു കൊലപാതകവും അക്രമവും ഉണ്ടാകാതിരിക്കാനും അടുക്കളയിൽ നിന്നും പുറത്തിറങ്ങാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. അങ്ങനെ കൊടുങ്ങല്ലൂരിന് സമാധാനത്തിനായി അമ്മമാർ ഒത്തുകൂടി". കൂട്ടായ്മ, പെൺകൂട്ടായ്മയുടെ, മുഖ്യ സംഘാടക നജ്മ പറഞ്ഞു.

പൊതുവിൽ ആൺകുട്ടികളെ പൗരുഷമുള്ളവരാക്കി വളർത്തുന്ന ഒരു രീതി സമൂഹത്തിൽ നിലനിൽക്കുന്നുണ്ടെന്നും ആതൊരു യോഗ്യതയല്ല. ആൺകുട്ടികൾ കരയട്ടെ, അവർ മൃദുലഹൃദയരും ദുർബലരുമാകട്ടെ. അങ്ങിനെ അവരെ വളർത്തുന്നതാണ് പ്രശ്നത്തിന് പരിഹാരമെന്ന് കൺവെൻഷനിൽ മുഖ്യ പ്രഭാഷണം നടത്തിയ പ്രൊഫ. കുസുമം ജോസഫ് അഭിപ്രായപ്പെട്ടു.